# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *288** — **20/06/2018-ൽ മറുപടിയ്ക്ക്**

## ആയുർവേദ ഔഷധ നിർമ്മാണത്തിലെ പ്രതിസന്ധി

**ചോദ്യം**

**ശ്രീ.പി.കെ.അബ്ദു റബ്ബ്**
**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**
**,, ടി. വി. ഇബ്രാഹിം**
**,, സി.മമ്മൂട്ടി**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ആയുർവേദ ഔഷധ നിർമ്മാണത്തിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | ആയുർവേദ മരുന്ന നിർമ്മാണത്തിനുള്ള ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസ് നൽകുന്നതിനുമായി ചുമതലപ്പെടുത്തിയ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) & ലൈസൻസിംഗ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷക്കാലമായി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നടന്നുവന്നിരുന്ന നിയമനടപടികൾ അവസാനിപ്പിക്കുവാനും ആയുർവേദ മരുന്ന നിർമ്മാണ കമ്പനികൾ നേരിടുന്ന പ്രതിസന്ധി പരിഗണിച്ച് പുതിയ ലൈസൻസിംഗ് അതോറിറ്റിയെ 21/05/2018 മുതൽ താല്ക്കാലികമായി നിയമിച്ചും ഉത്തരവായിട്ടുണ്ട്. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) & ലൈസൻസിംഗ് അതോറിറ്റിയെ സ്ഥിരമായി നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| ബി) | മരുന്ന് നിർമ്മാണത്തിനുള്ള ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസ് നൽകുന്നതിനും എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; | | |
| സി) | ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | നിലവിൽ സംസ്ഥാനത്ത് ഉല്പാദനം നടത്തുന്ന ആയുർവേദ മരുന്നുകളുടെ സാമ്പിൾ ശേഖരിച്ച് അവ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.<br>കൂടുതൽ ആയുർവേദ സാമ്പിളുകൾ പരിശോധിക്കുന്നതിനായി പുതുതായി പ്രവർത്തനം ആരംഭിക്കാനിരിക്കുന്ന തൃശ്ശൂർ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പുതുതായി ഒരു ആയുർവേദ സെക്ഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**